**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ഹരിത വി കുമാർ,ഐ.എ.എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് –ജീവനക്കാര്യം-മേട്രൺ ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) വനിതാ ശിശുവികസന ഡയറക്ടറുടെ 24/04/2023 തീയതിയിലെ DWCD/1672/2023/E8 നമ്പർ ഉത്തരവ്
2) വനിതാ ശിശുവികസന ഡയറക്ടറുടെ 06/11/2025 തീയതിയിലെ DWCD/6689/2025/E7 നമ്പർ ഉത്തരവ്

**ഉത്തരവ് നം: DWCD/8/2025-E7 തീയതി: 14-01-2026**

വനിതാ ശിശുവികസന വകുപ്പിൽ മേട്രൺ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി സുനിത കെ.എസ് പരാമർശം (2) പ്രകാരം വകുപ്പ് വിട്ടുപോയത് മുഖേന മേട്രൺ ഗ്രേഡ് II തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.പരാമർശം(1) പ്രകാരമുള്ള ആയ/വാച്ച് വുമൺ തസ്തികകളുടെ അന്തിമ സംയുക്ത സീനിയോരിറ്റി ലിസ്റ്റിലെ സീനിയോരിറ്റി നം.(3) വരെയുള്ളവർക്ക് ഇതിനോടകം മേട്രൺ ഗ്രേഡ് II തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുണ്ട്.ഈ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്ന ശ്രീമതി ബിനി ആനന്ദ്-ന് ( സീനിയോരിറ്റി നം.(4) ) മേട്രൺ ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്.

മേൽ സാഹചര്യത്തിൽ ഉദ്യോഗക്കയറ്റത്തിന് അർഹയായ മേൽ സൂചിപ്പിച്ചിട്ടുള്ള ജീവനക്കാരിയ്ക്ക് കെ.എസ് & എസ്.എസ്.ആർ ചട്ടം 28A(1) പ്രകാരം 24400-55200/-രൂപ ശമ്പള സ്കെയിലിൽ മേട്രൺ ഗ്രേഡ് II തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ച് ചുവടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര്,തസ്തിക,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീമതി ബിനി ആനന്ദ്<br>ആയ<br>ഗവ.ചിൽഡ്രൻസ് ഹോം,<br>നൂറനാട്,ആലപ്പുഴ<br>പെൻ നം.802300 | മേട്രൺ ഗ്രേഡ് II<br>റെസ്ക്യൂ ഹോം, തവനൂർ<br>മലപ്പുറം |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയ്ക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയെ ബന്ധപ്പെട്ട കാര്യാലയ മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും ജീവനക്കാരിയുടെ വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

HARITHA V KUMAR IAS

**വനിതാ ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാരിയ്ക്ക്

പകർപ്പ് :

1) ബന്ധപ്പെട്ട ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്ക്

2) സൂപ്രണ്ട്,ഐ.റ്റി സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

3) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

Signed by
Chithra T **സൂപ്രണ്ട്**
Date: 16-01-2026 11:29:24